"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ്- ഭാരതീയ ചികിത്സാവകുപ്പ് - തിരുവനന്തപുരം വെങ്ങാനൂർ സർക്കാർ ആയുർവേദ ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ (വിഷ) തസ്തിക പാലക്കാട് ജില്ലയിലെ തെങ്കര സർക്കാർ ആയുർവേദ ആശുപത്രിയിലേക്ക് ഷിഫ്റ്റ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.344/2025/AYUSH തീയതി,തിരുവനന്തപുരം, 21-06-2025

---

പരാമർശം:-

1. 23.05.2016 ലെ സ. ഉ. (സാധാ) 210/2016/ആയുഷ്
2. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 04.12.2023, 03.06.2024 എന്നീ തീയതികളിലെ ഡിഐഎസ്എം/1744/ 2023-ബി2 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം പാലക്കാട് ജില്ലയിലെ കൊഴിഞ്ഞമ്പാറ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിൽ നിന്നും തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ സർക്കാർ ആയുർവേദ ആശുപത്രിയിലേക്ക് ഷിഫ്റ്റ് ചെയ്ത മെഡിക്കൽ ഓഫീസർ (വിഷ) തസ്തിക പാലക്കാട് ജില്ലയിലെ തെങ്കര സർക്കാർ ആയുർവേദ ആശുപത്രിയിലേക്ക് മാറ്റി പുന:സ്ഥാപിച്ച് ഉത്തരവാകണമെന്ന് പരാമർശിത കത്ത് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് തിരുവനന്തപുരം വെങ്ങാനൂർ സർക്കാർ ആയുർവേദ ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ (വിഷ) തസ്തിക പാലക്കാട് ജില്ലയിലെ തെങ്കര സർക്കാർ ആയുർവേദ ആശുപത്രിയിലേക്ക് ഷിഫ്റ്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (14.08.2024-ലെ 2653881/HLT-B1/261/2023-FIN)
ഡയറക്ടർ, വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Baiju G**
**Date: 21-06-2025 22:30:55**
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. ആരോഗ്യവും വനിത ശിശുവികസനവും വകുപ്പ് മന്ത്രിയുടെ

പിഎസിന്